(ഡി) നാളിതുവരെ സംസ്ഥാനത്ത് ഷീ ടോയ്‌ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നതിന്റെ കണക്കും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ കണക്കും ലഭ്യമാണോ ; എങ്കിൽ ലഭ്യമായ കണക്ക് നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ ഷീ-ടോയ്‌ലെറ്റ് പദ്ധതി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അവലോകനം നടത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുള്ള എല്ലാ ഷീ-ടോയ്‌ലറ്റുകളും പ്രവർത്തനക്ഷമമാണ്.

(സി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്‌ലെറ്റ് സ്ഥാപിക്കുക എന്ന പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ 23 ഷീ - ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി കേരളത്തിലുടനീളം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 25 ഷീ-ടോയ്‌ലെറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ 7 എണ്ണം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ ഇൻസ്റ്റലേഷൻ അന്തിമഘട്ടത്തിലാണ്. പുതുതായി സ്ഥാപിക്കുന്ന ഷീ-ടോയ്‌ലെറ്റുകളുടെ അറ്റകുറ്റപ്പണികൾക്കായി നാളിതുവരെ ഏജൻസികളെ നിയോഗിച്ചിട്ടില്ല.

(ഡി) വനിതാ വികസന കോർപ്പറേഷൻ സംസ്ഥാനത്ത് ഷീ-ടോയ്‌ലെറ്റുകൾ സ്ഥാപിച്ച ഇനത്തിൽ 2,51,64,352 രൂപ ചെലവാക്കുകയും ഇവയുടെ അറ്റകുറ്റ പണികൾക്കായി നാളിതുവരെ 21,55,723 രൂപ ചെലവഴിക്കുകയും ചെയ്തു

ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ ഇളവ്

23 (*293) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടു കരത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇളവ് നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വീട്ട് കരത്തിൽ ഇളവനുവദിക്കുന്നത് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത് ;

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ&ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോകമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അതുവഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കും.

ഗ്ലോബൽ അഗ്രോ മീറ്റ്

24 (*294) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്ലോബൽ അഗ്രോ മീറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചത് ;

(സി) എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടത് ;

(ഡി) എന്തെല്ലാം തുടർ നടപടികളാണ് ഇതോടനുബന്ധിച്ച് സ്വീകരിച്ചിട്ടുള്ളത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) എറണാകുളം ജില്ലയിലെ അങ്കമാലിയിൽ വച്ച് 2014 നവംബർ 6,7 തീയതികളിലായി ഗ്ലോബൽ അഗ്രോ മീറ്റ് സംഘടിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly